**Kudumbashree**
*State Poverty Eradication Mission*
Local Self Govt.Department, Govt.of Kerala

*എ.ഷാജഹാൻ ഐ.എ.എസ്*
*എക്സിക്യൂട്ടീവ് ഡയറക്ടർ ,കുടുംബശ്രീ*
*മെമ്പർ സെക്രട്ടറി,അർബൻ ഹൗസിംഗ് മിഷൻ*

***അർദ്ധ ഔദ്യോഗിക കത്ത് നം. 2560/എൻ/2016/കെഎസ്സ്എച്ച്ഒ തീയതി:21..06..2016***

*പ്രിയപ്പെട്ട ..................................*

2022–ഓടുകൂടി 'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുമായി സംയോജിച്ച് നഗരസഭകൾ വഴി നടപ്പിലാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ) പദ്ധതി ഇതിനോടകം തെരഞ്ഞെടുത്ത ചില നഗരസഭകളിൽ പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ട്. നാല് ലംബ ഘടകങ്ങളിലായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി, ഘട്ടംഘട്ടമായി ഓഗസ്റ്റ് മാസത്തോടെ എല്ലാനഗരസഭകളിലും നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

'എല്ലാവർക്കും ഭവനം' പദ്ധതിയിൽ താങ്കളുടെ നഗരസഭയെ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും അതിലെ ഒരു ഘടകമായ ക്രഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം എല്ലാ നഗരസഭകളിലും നടപ്പിലാക്കാവുന്നതാണ്. കുറഞ്ഞ പലിശ നിരക്കിൽ (3% മുതൽ 4% വരെ) ഭവന നിർമ്മാണത്തിന് വായ്പ നൽകുന്നതാണ് ഈ പദ്ധതി. പ്രതിമാസം 50,000 രൂപയിൽ താഴെയുള്ള ഭവനരഹിതരായ, നഗരങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളെയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. പരമാവധി 6 ലക്ഷം രൂപ വരെ ഇത്തരത്തിൽ കുറഞ്ഞ പലിശ നിരക്കിൽ ബാങ്കിൽ നിന്ന് ലഭിക്കുന്നതാണ്. 6 ലക്ഷത്തിന് മുകളിൽ വരുന്ന വായ്പയ്ക്ക് സാധാരണ നിരക്കിലുള്ള പലിശ നൽകേണ്ടതാണ്. 15 വർഷംകൊണ്ട് വായ്പാതുക തിരിച്ച് അടച്ചാൽ മതിയാകും.

ഗുണഭോക്താക്കളെ കണ്ടെത്തി ബാങ്കിൽ എത്തിക്കുക എന്ന ഉത്തരവാദിത്വം നഗരസഭകൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനായി നഗരസഭകൾ പ്രത്യേകം കൗൺസിൽ കൂടി, ടി വിഷയം ചർച്ച ചെയ്യേണ്ടതുണ്ട്. കൂടാതെ പദ്ധതി വിജയിപ്പിക്കുന്നതിനായി താഴെപറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

1. നഗരസഭാ പരിധിയിലെ ബാങ്ക് മാനേജർമാരുടെ യോഗം.
2. പ്രത്യേക കൗൺസിൽ യോഗം.
3. ഫെസിലിറ്റേറ്റർമാരുടെ നിയമനം
4. നിരാക്ഷേപ പത്രം കൊടുക്കുന്നതിനുള്ള സംവിധാനം
5. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള കർമ്മപദ്ധതികൾ

പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് വിശദമായ നിർദ്ദേശം ഇതിനകം നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളും പദ്ധതിയുമായി സഹകരിക്കുന്ന ബാങ്കുകളുടെ പട്ടികയും യു.എച്ച്.എം ന്റെ വെബ്സൈറ്റിൽ

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717, e-mail: info@kudumbashree.org

(www.urbanhousingmission.org) ലഭ്യമാണ്. 2 വർഷത്തിനുള്ളിൽ നമുക്ക് 30,000 പേർക്കെങ്കിലും ഇത്തരത്തിൽ ധനസഹായം വാങ്ങിക്കൊടുക്കേണ്ടതായിട്ടുണ്ട്. കൂടാതെ അടുത്ത 2 മാസത്തെ 3,000 പേരെ പദ്ധതിയുടെ ഗുണഭോക്താക്കൾ ആക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ താങ്കളുടെ നഗരസഭയിൽ കുറഞ്ഞത് 300 പേരെ എങ്കിലും ഗുണഭോക്താക്കൾ ആക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം താങ്കളുടെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്ന് താത്പര്യപ്പെടുന്നു.

*ആത്മാർത്ഥതയോടെ,*

*ശ്രീ/ശ്രീമതി.* ..........................................

..................................................*നഗരസഭ*